# ഹോളോകാസ്റ്റ്
# ഒരു കഥകൂടി പൊളിയുന്നു


ലേഖനം

●

**എൻ.എം ഹുസൈൻ**

**2009 വർഷാരംഭത്തിൽ പുറത്തിറങ്ങാൻ തയാറായിക്കൊണ്ടിരുന്ന കൃതി പിൻവലിക്കപ്പെടുകയാണ്. ഓപ്ര വിൻഫ്രി വിശേഷിപ്പിച്ച പോലെ രണ്ട് ദശാബ്ദങ്ങൾക്കിടയിൽ ഇറങ്ങിയ പ്രേമകഥകളിൽ ഏറ്റവും മഹത്തായ ഒന്നിന്റെ കഥയിതാണെങ്കിൽ മറ്റുള്ള ഹോളോകാസ്റ്റ് സംഭവവിവരണങ്ങളുടെ ഗതിയെന്താവും? 'മുൾവേലിക്കടുത്തൊരു മാലാഖ' എന്ന ഈ കൃതിയിലെ വിവരണങ്ങൾ മറ്റു പല ഹോളോകാസ്റ്റ് സംഭവങ്ങളെയും പോലെ പരിശോധിക്കപ്പെടുന്നതുവരെയും സത്യമായി കണക്കാക്കപ്പെട്ടു.**

**രണ്ടായിരത്തിയെട്ട്** അവസാനിച്ചപ്പോൾ ആരെയും വിസ്മയിപ്പിക്കുന്ന ഒരു വാർത്തയെത്തി. യഥാർഥ സംഭവകഥ എന്ന് അവകാശപ്പെട്ടുകൊണ്ട് റോസെൻ ബ്ലാറ്റ് എഴുതിയ പുസ്തകം കെട്ടുകഥയാണെന്ന് തെളിയിക്കപ്പെട്ടു. ഫെബ്രുവരിയിൽ പുസ്തകം പ്രസിദ്ധീകരിക്കാൻ തീരുമാനിച്ച പെൻഗ്വിൻ ഗ്രൂപ്പുകാർ കരാറിൽനിന്നും പിൻവാങ്ങി. ഗ്രന്ഥകാരൻ കൈപ്പറ്റിയ പ്രതിഫലം തിരികെ തരണമെന്നും അവർ ആവശ്യപ്പെട്ടു. ലോകപ്രശസ്ത പ്രസാധകരായ പെൻഗ്വിൻ ബുക്സിന്റെ അനുബന്ധ സ്ഥാപനമായ ബെർക്ക്ലി ബുക്സ് ഇങ്ങനെ തീരുമാനിച്ചതെന്തുകൊണ്ട്? നടന്ന സംഭവം എന്ന് അവകാശപ്പെട്ടുകൊണ്ട് റോസെൻ ബ്ലാറ്റ് എഴുതിയ കൃതിയിലെ വിവരണങ്ങൾ കെട്ടിച്ചമച്ചതാണെന്ന് വ്യക്തമായ





*റോസെൻബ്ലാറ്റിന്റെ കെട്ടുകഥയെ ആധാരമാക്കി രചിക്കപ്പെട്ട പുസ്തകം*

തോടെയാണിത്. ഹോളോകാസ്റ്റിനെ ചുറ്റിപ്പറ്റി കൃത്രിമമായുണ്ടാക്കിയ നിരവധി കഥകളിൽ ഒന്നായി മാറി ഇത്. മാധ്യമങ്ങളിൽ ഇത്തരം തട്ടിപ്പുകൾ വാർത്തയാകാറില്ലെങ്കിലും ഹോളോകാസ്റ്റ് സാഹിത്യങ്ങൾ സൂക്ഷ്മമായി പഠിക്കുന്നവർക്ക് ഇതൊന്നും പുത്തരിയല്ല. വർഷംതോറും കള്ളമാണെന്ന് തെളിയിക്കപ്പെടുന്ന അനേകം അവകാശവാദങ്ങളിൽ ഒന്നുമാത്രമായേ ഇതിനെ കാണാനാവൂ.

1990കളിൽ നടന്ന ഒരു വാലന്റൈൻസ് ദിനാചരണം. ചടങ്ങിന് മാറ്റുകൂട്ടാൻ മത്സരങ്ങളുമുണ്ട്. വിഷയം പ്രേമാനുഭവം. റോസെൻബ്ലാറ്റ് മത്സരത്തിൽ പങ്കെടുത്തു. ഒന്നാം സ്ഥാനം നേടുകയും ചെയ്തു. അദ്ദേഹം വിവരിച്ച അനുഭവം ഇങ്ങനെയാണ്: നാസി തടവറയിലെ കുപ്രസിദ്ധമായ ബുച്ചൻവാൾഡിൽ റോസെൻബ്ലാറ്റ് തടവുകാരനാക്കപ്പെട്ടു. 1945ലാണ് സംഭവം. ഭക്ഷണത്തിനോ മറ്റു അടിസ്ഥാന ആവശ്യങ്ങൾക്കോ യാതൊരു പരിഗണനയും ഇല്ലാത്ത തടവറയായിരുന്നു അത്. ജീവൻ നിലനിർത്താൻ നിവൃത്തിയില്ലാതായി. അന്നദ്ദേഹത്തിന് കൗമാരപ്രായമാണ്. അങ്ങനെ വറുതിയിൽ കഴിയവെ തടവറക്ക് പുറത്ത് മാലാഖയെപ്പോലെ ഒരു പെൺകുട്ടി പ്രത്യക്ഷപ്പെടുന്നു. പേര് റാഡ്സിക്കി. അവൾ ഒരു മരക്കൊമ്പിൽ ഒളിച്ചിരിക്കുകയാണ്. ജൂതവംശജയാണെങ്കിലും ക്രിസ്ത്യാനിയായി അഭിനയിച്ച് ജീവിക്കുന്നതുകൊണ്ട് നാസികൾ വെറുതെ വിട്ടതാണ്. ഇടക്കിടെ അവൾ തടവറക്കടുത്തെത്തും. ആപ്പിളും ബ്രഡും ക്യാമ്പിനകത്തേക്കെറിയും. റോസെൻബ്ലാറ്റ് അവ പെറുക്കി ഭക്ഷിക്കും. അങ്ങനെ പട്ടിണിയെ അതിജീവിക്കാനായി. പിന്നീടദ്ദേഹം മറ്റൊരു തടവറയിലേക്ക് മാറി. പിന്നീടവളെ കണ്ടിട്ടില്ല -1950കൾ വരെയും. അതിനുശേഷം ഒരു സുഹൃത്തിന്റെ നിർദേശപ്രകാരം റോസെൻബ്ലാറ്റ് ഒരു സ്ത്രീയെ കണ്ടുമുട്ടുന്നു. അത്ഭുതകരമെന്നു പറയാം അവൾ റാഡ്സിക്കിയായിരുന്നു. ഒടുവിൽ അവർ വിവാഹിതരായി. വാലന്റൈൻസ് ദിനത്തിൽ ഒന്നാം സമ്മാനം നേടിയ ഈ പ്രേമകഥ *സി.എൻ.എൻ* ചാനലിന്റെ ഓപ്പറ പ്രോഗ്രാമിൽ അവതരിപ്പിക്കപ്പെട്ടു -1996-ൽ. 2007 നവംബറിൽ ഇത് വീണ്ടും സംപ്രേക്ഷണം ചെയ്തു. ലോകപ്രശസ്ത അവതാരകയും രണ്ട് ദശാബ്ദത്തിലേറെയായി സി.എൻ.എൻ ഓപ്പറെയുടെ മുഖ്യശിൽപിയുമായ വിൻഫ്രി. താൻ ഇക്കാലമത്രയും വായിച്ചതിൽ 'ഏറ്റവും മഹത്തായ പ്രേമകഥ' എന്നാണ് ഇതിനെ വിശേഷിപ്പിച്ചത്. 1996 ഡിസംബറിൽ ഇത് പുസ്തകമായി. 'മാലാഖപോലൊരു പെൺകുട്ടി' എന്ന പേരിൽ കുട്ടികൾക്കുള്ള കൃതിയായി ഇത് പുറത്തിറങ്ങി. ഇതേ സന്ദർഭത്തിലാണ് അമേരിക്കയിലെ പെൻഗ്വിൻ ഗ്രൂപ്പ് ഗ്രന്ഥകാരനുമായി കരാറുണ്ടാക്കിയത്. ഇപ്പോൾ അവർ പറയുന്നത് പുസ്തകത്തിലെ വിവരണങ്ങൾ വിശ്വസനീയമല്ലെന്നും ഗ്രന്ഥകാരൻ കൈപ്പറ്റിയ പ്രതിഫലം തിരികെ തരണമെന്നുമാണ്. 2009 വർഷാരംഭത്തിൽ പുറത്തിറങ്ങാൻ തയാറായിക്കൊണ്ടിരുന്ന കൃതി പിൻവലിക്കപ്പെടുകയാണ്. ഓപ്ര വിൻഫ്രി വിശേഷിപ്പിച്ച പോലെ രണ്ട് ദശാബ്ദങ്ങൾക്കിടയിൽ ഇറങ്ങിയ പ്രേമകഥകളിൽ ഏറ്റവും മഹത്തായ ഒന്നിന്റെ കഥയിതാണെങ്കിൽ മറ്റുള്ള ഹോളോകാസ്റ്റ് സംഭവവിവരണങ്ങളുടെ ഗതിയെന്താവും? 'മുൾവേലിക്കടുത്തൊരു മാലാഖ' എന്ന ഈ കൃതിയിലെ വിവരണങ്ങൾ മറ്റു പല ഹോളോകാസ്റ്റ് സംഭവങ്ങളെയും പോലെ പരിശോധിക്കപ്പെടുന്നതുവരെയും സത്യമായി കണക്കാക്കപ്പെട്ടു. ആസ്വാദകരെ സംബന്ധിച്ചേടത്തോളം മഹത്തായൊരു പ്രേമകഥയായും അനുഭവപ്പെട്ടു. ഇവയത്രയും സംശയത്തിന്റെ നിഴലിലേക്ക് നീങ്ങുന്നത് *ദി ന്യൂ റിപ്പബ്ലിക്* മാഗസിൻ അന്വേഷണം ആരംഭിച്ചതോടെയാണ്. ബുച്ചൻവാൾഡ് തടവറ സമുച്ചയത്തിലെ ഷ്ലിബെൻ ക്യാമ്പിലാണ് സംഭവം നടന്നതായി പറയപ്പെട്ടത്. ഈ നാസി തടവറയുടെ ചരിത്രമറിയാവുന്ന ഹോളോകാസ്റ്റ് വിദഗ്ധരോട് സംഭവത്തെപ്പറ്റി ആരാഞ്ഞപ്പോൾ അതിനുള്ള സാധ്യതയില്ലെന്നായിരുന്നു അവരുടെ മറുപടി. പുറത്തുനിന്നും ആർക്കെങ്കിലും അടുത്തുവന്ന് ആപ്പിളോ മറ്റോ എറിയാവുന്ന വിധത്തിലല്ല ഈ ക്യാമ്പിന്റെ കിടപ്പെന്ന് അവർ വ്യക്തമാക്കി. മാത്രമല്ല, അക്കാലത്ത് ക്യാമ്പിൽ തടവുകാരായിരുന്ന മറ്റാർക്കും ഇത്തരമൊരു സംഭവത്തെപ്പറ്റി അറിവില്ലെന്നും തെളിഞ്ഞു. റോസെൻബ്ലാറ്റിന്റെ അവകാശവാദമനുസരിച്ച് റാഡ്സിക്കി ഭക്ഷണസാധനങ്ങൾ എറിഞ്ഞുകൊടുത്തത് ഏഴു മാസക്കാലമാണെന്നത് ശ്രദ്ധിക്കുക.

അന്വേഷണത്തിന്റെ പ്രാരംഭഘട്ടത്തിൽതന്നെ റോസെൻബ്ലാറ്റ് താൻ വിവരിച്ച സംഭവം കെട്ടിച്ചമച്ചതാണെന്ന് സമ്മതിച്ചതായി *ഗാർഡിയൻ* പത്രം (2008 ഡിസംബർ 29) റിപ്പോർട്ട് ചെയ്യുന്നു.



*റോസെൻബ്ലാറ്റ്*

ഗ്രന്ഥകാരൻ തന്നെ കുറ്റം ഏറ്റിരിക്കെ വിശദാംശങ്ങൾ കണ്ടെത്തുന്നതിന് വലിയ പ്രസക്തിയില്ല.

നാസി ജർമനിയിൽ ഹിറ്റ്ലറുടെ കാലത്ത് നടന്ന വംശഹത്യകൾ കുപ്രസിദ്ധങ്ങളാണ്. ജിപ്സികൾ പോലുള്ള ന്യൂനപക്ഷ വംശജരെ മുതൽ ജൂതർ വരെയുള്ളവരെയും കമ്യൂണിസ്റ്റുകാരടക്കമുള്ള രാഷ്ട്രീയ പ്രതിയോഗികളെയും നാസികൾ കൂട്ടക്കൊല ചെയ്തിട്ടുണ്ട്. എന്നാൽ ഇതിൽനിന്നും ജൂതവംശഹത്യയെ മാത്രം തെരഞ്ഞെടുത്ത് അർധസത്യങ്ങൾ മുതൽ അസത്യങ്ങൾ വരെ നിർലോഭം കൂട്ടിച്ചേർത്ത് രൂപീകരിച്ച ഹോളോകാസ്റ്റ് ചരിത്രത്തിലെ പ്രത്യേക സംഭവമായി അറിയപ്പെട്ടു. സയണിസ്റ്റ് പ്രചാരണങ്ങളായിരുന്നു ഇതിനു കാരണം. ഫലസ്ത്വീൻകാരുടെ ജന്മനാട് തട്ടിയെടുക്കാനും നിരവധി നരമേധങ്ങളിലൂടെ അത് നിലനിർത്താനും ഹോളോകാസ്റ്റിനെ ഒരു മതമാക്കി പരിവർത്തിപ്പിക്കേണ്ടത് സയണിസ്റ്റുകളുടെ അടിയന്തരാവശ്യമായിരുന്നു. ഇസ്രയേൽ എന്ന ജൂതരാഷ്ട്രത്തിൽ യഹോവയെ നിഷേധിക്കുന്നത് കുറ്റകൃത്യമല്ല. എന്നാൽ ഹോളോകാസ്റ്റ് നിഷേധിക്ക് അനേക വർഷങ്ങൾ ജയിലിൽ കഴിയേണ്ടിവരും! അങ്ങനെ യഹോവയേക്കാൾ പവിത്രമായ സ്ഥാനം ഹോളോകാസ്റ്റ് നേടി.

ജർമനിയിലെ ജൂതകൂട്ടക്കൊലകൾ യഥാർഥത്തിൽ ഒരു യൂറോപ്യൻ പ്രശ്നമാണ്. അതിലുപരി ക്രൈസ്തവ

യൂറോപ്പിന്റെയും അധികാരത്തിന്റെയും പ്രശ്നമാണ്. ജൂതരും ക്രിസ്ത്യാനികളും മുസ്‌ലിംകളും നൂറ്റാണ്ടുകളായി സഹ വർത്തിക്കുന്നവരാണെങ്കിലും ജൂത പീഡനം ഭരണകൂട സംവിധാനങ്ങളുപ യോഗിച്ച് പാശ്ചാത്യ ലോകത്താണ് നട പ്പിലായത്. ഈ വംശഹത്യയുടെ പാപ ബോധം പേറുന്നത് പാശ്ചാത്യ സമൂഹ ങ്ങളാണ്. അതുകൊണ്ടാണ് മിക്കവാറും പാശ്ചാത്യ നാടുകളിൽ (അമേരിക്ക ഒഴി ച്ച്) ഹോളോകാസ്റ്റ് നിഷേധം ക്രിമിനൽ കുറ്റമായത്. സയണിസ്റ്റുകളുടെ പുതിയ മതമായ പോലെ പാശ്ചാത്യരുടെയും മതേ തര മതമായി ഹോളോകാസ്റ്റ് മാറി. യേശു വിനെ നിഷേധിക്കാൻ ഏതു പാശ്ചാ ത്യനും സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഹോളോകാസ്റ്റിനെ നിഷേധിക്കരുത്. അത് സംശയിക്കാൻ പോലും പാടില്ലാത്ത വിശ്വാസപ്രമാണമാണ്. ഒരു ചരിത്രസം ഭവം എന്നതിലുപരി മതപ്രമാണമായി അത് മാറി. കൊളംബിയ സർവകലാശാ ലയിൽ പ്രഭാഷണം നടത്തവെ ഇറാൻ പ്രസിഡന്റ് അഹ്മദീ നിജാദ് ചോദിച്ചു: “ഭൗതികശാസ്ത്രത്തിലെയോ ഗണിതശാ സ്ത്രത്തിലെയോ അടിസ്ഥാന തത്ത്വ ങ്ങളെ സംശയിക്കുന്നതും ചോദ്യം ചെയ്യു ന്നതും തെറ്റായി കണക്കാക്കാത്ത നിങ്ങൾ, ഒരു ചരിത്രസംഭവത്തിന്റെ വിശ ദാംശങ്ങൾ പുതിയ പഠനങ്ങളുടെ വെളി ച്ചത്തിൽ ചോദ്യം ചെയ്യുന്നവരെ തുറുങ്കി ലടക്കുന്നത് എന്തുകൊണ്ട്?” നിജാദിന്റെ അമേരിക്കൻ സന്ദർശനവും ഹോളോ കാസ്റ്റ് പരാമർശങ്ങളും ഇസ്രയേൽ വിമർശനവും വൻവാർത്തയാക്കിയ പാശ്ചാത്യ മാധ്യമങ്ങൾ ഈ ലളിതമായ ചോദ്യം കണ്ടില്ലെന്ന് നടിച്ചു. എന്നാൽ പാശ്ചാത്യ നേതാക്കളെ പോലെ കപട ന്മാരല്ല ലോകമെമ്പാടുമുള്ളവർ എന്നവർ മനസ്സിലാക്കിയില്ല.

ഹോളോകാസ്റ്റ് ഔദ്യോഗിക മത മായി പാശ്ചാത്യ ലോകം സ്വീകരിച്ചതു കൊണ്ടാണ് പുത്തൻ കെട്ടുകഥകൾ അവർക്ക് ഇടക്കിടെ നിർമിക്കേണ്ടിവരുന്ന ത്. ആര് എന്ത് ഐതിഹ്യങ്ങൾ രചി ച്ചാലും ഹോളോകാസ്റ്റിന്റെ പേരിലാണെ ങ്കിൽ അണ്ണാക്കു തൊടാതെ വിഴുങ്ങാൻ ശീലിക്കപ്പെട്ടവരാണ് പാശ്ചാത്യ സമൂഹം. അതുകൊണ്ടാണ് അൽപമെങ്കിലും സാമാ ന്യബോധമുണ്ടെങ്കിൽ കെട്ടിച്ചമച്ചതെന്ന് മനസ്സിലാക്കാവുന്ന ഒന്നിനെപ്പറ്റി ‘ഇത്രയും മഹത്തായ ഒരു സംഭവവിവ രണം ജീവിതത്തിൽ കേട്ടിട്ടില്ലെ’ന്ന് *സി. എൻ.എൻ* ചാനലിലെ ഓപ്ര വിൻഫ്രി പ്രഖ്യാപിച്ചത്. നാസി ഭരണപ്രദേശത്ത്, അതും ബുച്ചൻവാൾഡ് തടവറക്കടുത്ത് ക്രിസ്ത്യാനി യായി അഭിനയിച്ചുകൊണ്ട് ഒരു ജൂതകുടുംബം താമ സിക്കുക, അതിൽപെട്ട ഒമ്പതു വയസ്സുള്ള ഒരു പെൺകുട്ടി ഏഴു മാസം ദിവസേന പുറത്തു നിന്നും തടങ്കൽപ്പാളയത്തിനകത്തേക്ക് ആപ്പിളും ബ്രെഡും എറിഞ്ഞുകൊടുക്കുക, അത് പതിവായി കിട്ടിയതുകൊണ്ടുമാത്രം ഒരാൾ ഏഴു മാസ ത്തോളം ജീവിച്ചിരിക്കുക (കിട്ടാത്ത മറ്റു തടവു കാരെല്ലാം മരിച്ചിട്ടുണ്ടാകുമോ?!). പത്തു വർഷങ്ങൾക്കു ശേഷം ഈ പെൺകുട്ടിയെ യാദൃ ഛികമായി കണ്ടുമുട്ടുക, കല്യാണം കഴിക്കുക... ഇത്തരം അവിശ്വസനീയ സംഭവങ്ങളെല്ലാം സംശ യത്തിന്റെ കണികപോലും തൊടാതെ വിഴുങ്ങി യത് പാശ്ചാത്യ ലോകത്തെ വൻകിട മാധ്യമ പ്രഭു ക്കളാണെന്നത് ഓർക്കുക. ഹോളോകാസ്റ്റ് മത ത്തിൽ വിശ്വസിച്ചതുകൊണ്ട് മേൽ വിവരണങ്ങ ളിൽ സംശയം തോന്നാനുള്ള ശേഷി അവർക്കി ല്ലാതെ പോയി.

1948ലെ ഇസ്രയേലിന്റെ രൂപീകരണത്തിന് മുമ്പുതന്നെ അതിനുവേണ്ട പശ്ചാത്തലമൊരു ക്കാൻ ബ്രിട്ടീഷ് കോളനി വാഴ്ചക്കാർ ശ്രമിച്ചിരു ന്നു. ഇസ്രയേലിനു വേണ്ടി കെട്ടുകഥകൾ നിർമിച്ച് പ്രചരിപ്പിക്കാനുള്ള ശ്രമം ഇതിന്റെ ഭാഗമായിരു ന്നു. ഓരോന്ന് പൊളിയുന്തോറും പുതുതായി ഓരോ കഥകൾ നിർമിക്കപ്പെടുമായിരുന്നു. ഫല സ്തീൻകാരുടെ ജന്മനാട് കൈയേറി സ്ഥാപിത മായ ഇസ്രയേലിന്റെ ചെയ്തികൾക്ക് ന്യായീകര ണമായി ഹോളോകാസ്റ്റ് കഥകൾ നിർമിക്കേണ്ടത് കോളനിവാഴ്ചക്കാരായ പാശ്ചാത്യരുടെ താൽപ ര്യമായിരുന്നു. ഇടക്കിടെ ഇസ്രയേൽ നടത്തുന്ന അറബ് വംശഹത്യക്ക് ന്യായീകരണമായി ജൂതവം ശഹത്യയെക്കുറിച്ചുള്ള ഓർമകൾ പ്രചരിപ്പിക്കപ്പെ ടണം. യഥാർഥ സംഭവങ്ങൾ തികയാതെ വരു മ്പോൾ ആവശ്യമായ അളവിൽ കൃത്രിമമായി നിർമിക്കണം. ബ്രിട്ടീഷ് കോളനിവാഴ്ചക്കാരുടെ കുടില പദ്ധതികളുടെ ഭാഗമായി സ്ഥാപിക്കപ്പെട്ട നീതിയുടെയോ നിയമത്തിന്റെയോ സാധുത അൽപം പോലും അവകാശപ്പെടാനില്ലാത്ത ഇസ്ര യേലും സയണിസവും നാസികളുടെ ചെയ്തികൾ ഫലസ്തീനിൽ ആവർത്തിച്ചുകൊണ്ടിരിക്കുകയാ ണ്. ന്യായീകരണമെന്നോണം ഹോളോകാസ്റ്റ് സംഭ വങ്ങൾ കെട്ടിച്ചമക്കുകയും ചെയ്യുന്നു. കൃത്രിമ മായി കെട്ടിയുണ്ടാക്കിയ സയണിസ്റ്റ് രാഷ്ട്രത്തിന്റെ തിരോധാനത്തിലൂടെ മാത്രമേ കെട്ടുകഥാ നിർമാ ണത്തിനും അന്ത്യമുണ്ടാവൂ. ■